**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3925** **28-06-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിലേക്ക് അരൂർ മണ്ഡലത്തിലെ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അരൂർ മണ്ഡലത്തിലെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വില്ലേജടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിൽ ആകെ 694 CMDRF അപേക്ഷകളാണ് ലഭിച്ചത്. ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകളും ഉൾപ്പെട്ടിരുന്നു. ഈ അപേക്ഷകളിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ധനസഹായം അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ. എല്ലാ രേഖകളും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ മണ്ഡല അടിസ്ഥാനത്തിലാണ് സ്വീകരിച്ചത്. വില്ലേജ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | (എ )പിരിവിന്റെ അതേ ഉത്തരം. |
| (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകിയ അപേക്ഷകൾ വില്ലേജാഫീസുകളിലും താലൂക്ക് ഓഫീസുകളിലും കളക്ടേറ്റുകളിലും കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | (എ )പിരിവിന്റെ അതേ ഉത്തരം. |

സെക്ഷൻ ഓഫീസർ